# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2852** **20/12/2012 -ൽ മറുപടിക്ക്**

## വിദ്യാലയാരോഗ്യ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാലയാരോഗ്യ പദ്ധതിയിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | (എ) | വിദ്യാലയാരോഗ്യ പദ്ധതിയിൽ പ്രാഥമിക മെഡിക്കൽ ചെക്കപ്പ്, കുട്ടികളുടെ കണ്ണ്, ത്വക്ക്, പല്ല് എന്നിവ എല്ലാവർഷവും പരിശോധിക്കുവാനുള്ള സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ സംബന്ധമായ ബോധവൽക്കരണ ക്ലാസ്സുകൾ, തിരഞ്ഞെടുത്ത കുട്ടികൾക്ക് മാസത്തിൽ ഒരിക്കൽ ക്ലിനിക്കൽ പരിശോധന എന്നിവയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ 13763 സ്കൂളുകളിൽ എത്ര സ്കൂളുകളിലാണ് നിലവിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; നടപ്പാക്കാത്ത സ്കൂളുകളിൽ എത്ര കാലപരിധിയ്ക്കുള്ളിൽ പൂർണ്ണമായും പ്രസ്തുത പദ്ധതി നടപ്പാക്കും എന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ നേതൃത്വത്തിൽ 2012-13 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു നിശ്ചിത വരുമാനപരിധി തീരുമാനിച്ച് ആയതിന് താഴെ വരുന്ന കുടുംബങ്ങളിലെ കുട്ടികളിൽ കാഴ്ചരോഗമുള്ളവർക്ക് കണ്ണടയും ചികിത്സയും, ശ്രവണ | (സി) | നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) ഈ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വൈകല്യമുള്ളവർക്ക് ആയതിനുള്ള ഉപകരണവും മരുന്നും, ഡയബറ്റിക് രോഗികൾക്ക് ഇൻസുലിൻ, വൃക്കരോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നും, എന്നീ സൗകര്യങ്ങൾ നടപ്പിൽ വരുത്താനായി എല്ലാ സ്കൂളുകളും പരിശോധിച്ച് കുട്ടികളെ കണ്ടെത്തി സൗജന്യമായി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | പ്രസ്തുത പദ്ധതി എത്ര കാല പരിധിയ്ക്കുള്ളിൽ പൂർണ്ണമായും നടപ്പിലാക്കുമെന്നും ഇതിനായി വിദ്യാഭ്യാസ വകുപ്പ് എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ഡി) | ഈ പദ്ധതിക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് തുക നീക്കിവച്ചിട്ടില്ല. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടാണ് വിനിയോഗിക്കുന്നത്. |
| (ഇ) | ഈ പദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ എന്ത് തുക നീക്കി വച്ചിരുന്നു; ആയതിൽ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ; 2012-13 നടപ്പു വർഷം എന്ത് തുക ഇതിലേയ്ക്കായി മാറ്റിവച്ചു ; 2012 നടപ്പു വർഷം നവംബർ 30 വരെ എന്ത് തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ? | (ഇ) | ബാധകമല്ല. |

Sreedevi

സെക്ഷൻ ഓഫീസർ